## 15 -ാം കേരള നിയമസഭ

## 5 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 815** **30-06-2022 - ൽ മറുപടിയ്ക്ക്**

## കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കരിന്തളം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ; | (എ) | 2017-18ലാണ് കാസർഗോഡ് കരിന്തളത്ത് ഏകലവ്യ സ്പോർട്സ് എം.ആർ.എസ് അനുവദിച്ചത്. എന്നാൽ പ്രവർത്തനം ആരംഭിക്കുവാൻ സാധിച്ചിരുന്നില്ല. കരിന്തളം വില്ലേജിൽ 89/1 സർവ്വെ നമ്പറിലുള്ള 10 ഏക്കർ സ്ഥലം ഏകലവ്യ സ്പോർട്സ് മോഡൽ റസിഡൻഷ്യൽ സ്കൂളിനായി ലഭ്യമായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്കൂൾ കെട്ടിട നിർമ്മാണത്തിനായി 25 കോടി രൂപയുടെ ഭരണാനുമതി നൽകുകയുണ്ടായി. സാങ്കേതികാനുമതി നൽകുന്നതിനായി സമിതി രൂപീകരിച്ചിട്ടുണ്ട്. ഡി.പി.ആർ പരിശോധിച്ച് സാങ്കേതികാനുമതി ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത സ്കൂളിൽ ക്ലാസുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ; സ്കൂൾ കെട്ടിടത്തിനായുള്ള നിർമ്മാണ നടപടികൾ ഏതു ഘട്ടത്തിൽ ആണെന്ന് അറിയിക്കാമോ? | (ബി) | സ്വീകരിച്ചിട്ടുണ്ട്.<br><br>മടിക്കൈ പഞ്ചായത്തിൽ ഒരു വാടക കെട്ടിടം സ്കൂളിനായി കണ്ടെത്തി സ്കൂൾ, ഹോസ്റ്റൽ എന്നിവ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ, മറ്റ് ജീവനക്കാർ എന്നിവരെ നിയമിക്കുകയും സെലക്ഷൻ ട്രയൽ രണ്ട് ഘട്ടങ്ങളിലായി നടത്തി കുട്ടികളെ കണ്ടെത്തുകയും ചെയ്തു. സ്കൂളിൽ കായിക കരിക്കുലം രൂപീകരിക്കുന്നതിനായി ഒരു സ്പോർട്സ് ഡയറക്ടറെ താല്ക്കാലികമായി നിയമിച്ചിട്ടുണ്ട്. 2022 ജൂലൈയിൽ സ്കൂൾ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ